പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1162 12/03/2015-ലെ മറുപടിക്ക്

**ഐ.എച്ച്.ഡി.പി. കോളനിയിലെ പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷ**

ചോദ്യം
ശ്രീമതി.പി.അയിഷാ പോറ്റി

മറുപടി
ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കൊട്ടാരക്കര താലൂക്കിൽ, വെളിയം വില്ലേജിലെ മറവൻകോട് ഐ.എച്ച്. ഡി.പി കോളനിയിൽ പട്ടയം ലഭിക്കുന്നതിനായി എത്രപേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന വിശദമാക്കുമോ; | വെളിയം വില്ലേജിൽ മറവൻകോട് ഐ.എച്ച്.ഡി.പി. കോളനിയിൽ 160 പേർക്ക് മിച്ചഭൂമി പട്ടയം നൽകിയിരുന്നു. പട്ടയം ലഭിച്ച 160 അലോട്ടികളിൽ ഭൂരിഭാഗം പേരും കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഭൂമി അനധികൃത കൈമാറ്റം ചെയ്തിട്ടുള്ളതാണ്. ഇത്തരത്തിൽ അനധികൃത കൈമാറ്റം മുഖേന ഭൂമി കൈവശം വച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ മറവൻകോട് മിച്ചഭൂമിയിൽ പട്ടയം നൽകുന്നതിനായി അപേക്ഷ ക്ഷണിച്ചിട്ടില്ലാത്തതാണ്. |
| (ബി) | പ്രസ്തുത അപേക്ഷകളിന്മേലുള്ള പരിശോധന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; | |
| (സി) | അർഹരായവർക്ക് കാലതാമസം കൂടാതെ പട്ടയം വിതരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | |

സെക്ഷൻ ഓഫീസർ